29

# നിങ്ങൾക്കുള്ളതു ഉപ യോഗിക്കുക നിങ്ങൾക്കു കഴിയു ന്നതു ചെയ്യുക

## (9:32- 43)

ഞാനും എന്റെ ഭാര്യയും ഞങ്ങൾ സെഴ്സിയിലേക്കു മാറി, അധി കനാൾ കഴിയുംമുൻപ് ഒരു പരവതാനി വാങ്ങുന്നതിനു കടയിൽ ചെന്നു, അവിടുത്തെ കച്ചവടക്കാരനുമായി പരിചയപ്പെട്ടു, അദ്ദേഹം അനേക വർഷം പ്രസംഗിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ മനസിലാക്കി. അദ്ദേഹം ഓർഡർ എഴുതുവാനായി വന്നപ്പോൾ, എന്റെ പേർ ചോദിച്ചു, "ഡേവിഡ് റോപ്പർ," എന്നു ഞാൻ പറഞ്ഞപ്പോൾ, അയാൾ സ്തബ്ദനായി ആ പേർ അയാൾക്കു ഓർമ്മയുള്ളതായി തോന്നി. "ഹാ," അദ്ദേഹം പറഞ്ഞു, "ഒരു എഴുത്തുകാരനായിരുന്ന ഡേവിഡ് റോപ്പറുണ്ടായിരുന്നു ..." "ഞാൻ ഉണ്ടായിരുന്നവനായി" കേട്ടപ്പോൾ ഞെട്ടിപ്പോയി!

നമ്മുടെ പ്രവൃത്തികളുടെ പുസ്തകപഠനത്തിൽ, ഇപ്പോൾ നാം പറ യാൻ പ്രേരിതരാവുകയാണ്, "വളരെ സജീവമായി *പ്രവർത്തിച്ചിരുന്ന* പത്രൊസ് എന്നു പേരുള്ള, അപ്പൊസ്തലനുണ്ടായിരുന്നു."[1] 5–ാം അദ്ധ്യായം മുതൽ, പത്രൊസിന്റെ[2] ക്ഷണികമായ ഇടവിട്ടുള്ള ദർശനം മാത്രമാണ് കാണുന്നത്, 8–ാം അദ്ധ്യായത്തിൽ അവനും യോഹന്നാനും ശമര്യയിൽ വന്നു. 6 ഉം 7 ഉം അദ്ധ്യായങ്ങളിൽ, സ്തെഫാനൊസിൽ കേന്ദ്രീകരിച്ചുള്ള വിവരണമാണ്, 8–ാം അദ്ധ്യായത്തിൽ ഫിലിപ്പൊസ് ആയിരുന്നു മുഖ്യകഥാപാത്രം, 9–ാം അദ്ധ്യായത്തിൽ, പരിവർത്തനവും ആരംഭശുശ്രൂഷയുമെല്ലാം പറയുമ്പോൾ ശൗലിനെയാണ് ഊന്നി പറ യുന്നത്. 9:32 ലേക്ക് വരുമ്പോൾ, നാം വീണ്ടും പത്രൊസിൽ ശ്രദ്ധ കേന്ദ്രീ കരിക്കുകയാണ്.

പത്രൊസിന്റെ അപ്പൊസ്തലിക ശുശ്രൂഷയിൽ ഏറ്റവും പ്രധാനപ്പെട്ട

സംഭവങ്ങളുടെ ആമുഖം തരികയാണ്: 32 മുതൽ 43 വരെയുള്ള വാക്യങ്ങളിൽ. ആദ്യമായി ജാതികളോട് സുവിശേഷം പ്രസംഗിക്കുന്നു. 10-ാം അദ്ധ്യായത്തിൽ കൈസര്യയിലെ കൊർന്നെല്യോസിനോട് പറഞ്ഞു, "ഇപ്പോൾ യോപ്പയിലേക്ക് ആളയച്ചു, പത്രൊസ് എന്നു മറുപേരുള്ള ശീമോനെ വരുത്തുക" (വാക്യം 5). പത്രൊസ് യോപ്പയിൽ എന്തു ചെയ്യുകയായിരുന്നു? തബീഥ മരിച്ചുപോയപ്പോൾ ലുദ്ദയിലെ സഹോദരന്മാർ അവനെ യോപ്പയിലേക്കു കൊണ്ടുവരികയായിരുന്നു. പത്രൊസ് ലുദ്ദയിൽ പോയതെന്തിനായിരുന്നു? കാരണം അവൻ പാലസ്തീൻ മുഴുവൻ സഞ്ചരിച്ച് പ്രസംഗിക്കുകയും, ഉപദേശിക്കുകയും, ആത്മീകവർദ്ധന വരുത്തുകയും ചെയ്യുകയായിരുന്നു – അതു നമ്മെ നമ്മുടെ വേദഭാഗത്തിലെ ആദ്യ വാക്യത്തിലേക്കു കൊണ്ടുവരുന്നു. 9:32-43 സ്വാഭാവികമായും സന്ദർഭത്തിലേക്കും അങ്ങനെ 10-ാം അദ്ധ്യായത്തിലേക്കുള്ള വേദിയും ഒരുങ്ങുന്നു.

9-ാം അദ്ധ്യായത്തിന്റെ അവസാനം നമ്മെ കൊർന്നെല്യോസിന്റെ പരിവർത്തനത്തിലേക്കു നയിക്കുന്നതുകൊണ്ട് അതു ഓടിച്ചു നോക്കി, 10-ാം അദ്ധ്യായത്തിലേക്ക് വേഗം കടക്കാൻ നമ്മെ ഇടയാക്കും. എങ്ങനെയായാലും, അടുത്ത അദ്ധ്യായത്തിലേക്കുള്ള വെറും ഒരുക്കത്തെക്കാൾ കൂടുതലായി ഞാൻ ഇതിൽ കാണുന്നുണ്ട്. പ്രാരംഭ സഭയുടെ പ്രവൃത്തികളുടെ ക്ഷണികമായ കാഴ്ച ഇവിടെയുണ്ട്, ഉപദ്രവിക്കപ്പെട്ട് ഓടിപ്പോയ ഇടവകകൾ എങ്ങനെ അവരുടെ വിശ്വാസം അന്യോന്യം പങ്കിട്ടു എന്നുമുണ്ട്. പിന്നെ, ഞാൻ വളരെ അടുത്ത് നോക്കിയപ്പോൾ, മറ്റൊരു ചിന്ത എന്നെ ഉണർത്തി: ക്രിസ്ത്യാനികൾ തങ്ങൾക്കുണ്ടായിരുന്നതു ഉപയോഗിക്കയും *അവർ കഴിയുന്നതു ചെയ്യുകയും ചെയ്തിരുന്നു* എന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. ഞാൻ അർത്ഥമാക്കിയതു എന്തെന്നു പറയട്ടെ:

### പത്രൊസ് തനിക്കുണ്ടായിരുന്നതു ഉപയോഗിച്ചു (9:32-35)

9:32 – 11:18 വരെ "പത്രൊസിന്റെ പ്രവൃത്തികൾ" ആയി ചിലർ വിശേഷിപ്പിച്ചിട്ടുണ്ട്. നമ്മുടെ വേദഭാഗമായ, 9:32-43, ആരംഭിക്കുന്നു, "പത്രൊസ് എല്ലാടവും സഞ്ചരിക്കയിൽ[3], ലുദ്ദയിൽ പാർക്കുന്ന വിശുദ്ധന്മാരുടെ അടുക്കലും ചെന്നു." നാം സാധാരണ പൗലൊസിനോടൊപ്പം ഉപയോഗിക്കുന്ന നാമം "മിഷനറിയാത്ര" എന്നാണ്, മറ്റുള്ളവരും മിഷനറിയാത്രകൾ ചെയ്തിട്ടുണ്ട്.[4] സുവിശേഷകനായിരുന്ന ഫിലിപ്പൊസ് വടക്കോട്ട് മിഷനറിയാത്ര ചെയ്തു ശമര്യായിലേക്കും, തെക്കോട്ട് ഗാസക്കുള്ള വഴിയിലും, വടക്കുപടിഞ്ഞാറ് അസ്തോസിലേക്കും, പിന്നെ വടക്കോട്ട് മാറി കൈസര്യ കടപ്പുറത്തും സഞ്ചരിക്കുകയുണ്ടായി.[5] പത്രൊസും യോഹന്നാനും മുൻപു ശമര്യ വഴി ഒരു മിഷനറി യാത്ര ചെയ്തിരുന്നു.[6] ഇപ്പോൾ പത്രൊസ് പാലസ്തീൻ മിഷനറിയാത്ര നടത്തുകയാണ് (32-ാം വാക്യത്തിലെ "എല്ലാ ഭാഗങ്ങളും" സൂചിപ്പിക്കുന്നതു കഴിഞ്ഞ വാക്യത്തിൽ പറഞ്ഞ പ്രദേശങ്ങളാണ്: യെഹൂദ്യയും, ശമര്യയും, ഗലീലിയും[7]).

പത്രൊസ് തനിക്കുണ്ടായിരുന്നതു ഉപയോഗിക്കുകയായിരുന്നു.

കർത്താവിനെ അറിയുവാനും ഉയിർത്തെഴുന്നേല്കുന്നതിനു സാക്ഷ്യം വഹിക്കുവാനും അവന് അവസരം ലഭിച്ചിരുന്നു. അവന് ദൈവശ്വാസീയമായി സംസാരിക്കുവാനും സൗഖ്യമാകുവാനും കഴിവുണ്ടായിരുന്നു. അവൻ ഈ യാത്ര ചെയ്തതു തനിക്കുണണ്ടായിരുന്നതു കർത്താവിനു വേണ്ടി എന്തു ചെയ്യാൻ കഴിയുമായിരുന്നോ അതു ചെയ്യുവാനായിരുന്നു. നഷ്ടപ്പെട്ടവരെ രക്ഷിക്കുന്നതിനും സഹോദരന്മാരെ[8] ശക്തിപ്പെടുത്തുവാനും അവൻ ആഗ്രഹിച്ചു.[9]

"പത്രോസ് എല്ലാടവും സഞ്ചരിക്കയാൽ, ലുദയിൽ പാർ ക്കുന്ന വിശുദ്ധൻമാരുടെ അടുക്കലും ചെന്നു" (വാക്യം 32). യെഹൂദ്യയിലെ താഴ്വര കുന്നിനു താഴെ നിരപ്പായ ഫലപുയിഷ്ടമായ സ്ഥലത്തു, യെരുശലേമിനു വടക്കു പടിഞ്ഞാറ് ഇരുപത്തി-ആറ് മൈലുകൾക്കപ്പുറമാണ് ലുദ്ദ എന്ന ഗ്രാമം.[10] പത്രോസ് ലുദ്ദയിലേക്കു "വന്നതു" കൊണ്ട്, യെരുശലേം കടന്നായിരിക്കാം വന്നതു. അവൻ ലുദ്ദയിൽ എത്തിയപ്പോൾ, അവിടെ താമസിച്ചിരുന്ന വിശുദ്ധൻമാരെ കണ്ടു. "വിശുദ്ധൻമാർ" എന്നു ക്രിസ്ത്യാനുകളെ വിളിക്കുന്ന മറ്റൊരു പേരാണ്.[11] യെരുശലേമിൽ നിന്നു ചിതറിപ്പോയവരിൽ ചിലരാകാം ഈ വിശുദ്ധൻമാർ (8:1, 4). മറ്റുള്ളവർ യെരുശലേമിൽ നിന്നു പോയി "വചനം സുവിശേഷിച്ചുകൊണ്ട് സഞ്ചരിച്ചവരാൽ" പരിവർത്തനം ചെയ്യപ്പെട്ടവരാകാം (8:4). അസ്തൊസിൽ നിന്നു കൈസര്യയിലേക്കു പോയി "എല്ലാ പട്ടണങ്ങളിലും സുവിശേഷം പ്രസം[ഗിച്ച]" ഫിലിപ്പൊസിനാൽ പരിവർത്തനം ചെയ്യപ്പെട്ടവരാകാം ശേഷിച്ചവർ (8:40).[12]

ലുദ്ദയിലെ വിശുദ്ധൻമാക്കു പത്രൊസ് ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ, "പക്ഷപാതം പിടിപെട്ട് എട്ടുസംവത്സരമായി കിടപ്പിൽ ആയിരുന്ന ഐനെയാസ് എന്നു പേരുള്ളോരു മനുഷ്യനെ കണ്ടു"[13] (9:33). ആ മനുഷ്യന്റെ രോഗാവസാഥ ഡോ. ലുക്കൊസ് നിർണ്ണയിച്ചു: "പക്ഷാപാതം പിടിപെട്ട് എട്ടുവർഷമായി,[14] അവൻ കിടപ്പിലായിട്ട്" (9:33). എട്ടുവർഷം മുൻപ്, ഐനെയാസിനു നടക്കുവാനും, ജോലിചെയ്യുവാനും, ജീവിതം ആസ്വദിക്കാനും കഴിഞ്ഞിരുന്നു. ഒരു ദിവസം മറ്റെല്ലാ ദിവസത്തേയും പോലെ അവൻ എഴുന്നേറ്റു, എന്നാൽ ആ ദിവസം അങ്ങനെയായിരുന്നില്ല. എന്തു സംഭവിച്ചു എന്നു നമുക്കറിഞ്ഞുകൂടാ. ഒരു പക്ഷേ അവന്റെ രോഗം നിമിത്തം നാഡീ വ്യൂഹത്തെ തളർത്തിയതാകാം. കാരണം എന്തായാലും, അവൻ പക്ഷാപാതരോഗിയായി, മുടന്തനായി. എട്ടു വർഷം, ഐനെയാസ് മറ്റുള്ളവരെ ആശ്രയിച്ചു കഴിഞ്ഞു.

"അമ്മയുടെ ഉദരം മുതൽ മുടന്തനായ" ഒരാളെ സൗഖ്യമാക്കിയതായിരുന്നു രേഖപ്പെടുത്തിയ പത്രൊസിന്റെ ആദ്യത്തെ അത്ഭുതം (3:2). ഇപ്പോൾ അപ്പൊസ്തലനു അതേ വെല്ലുവിളി നേരിട്ടിരിക്കുന്നു. അവൻ മടിച്ചില്ല. "പത്രൊസ് അവനോട്, 'ഐനെയാസേ, യേശുക്രിസ്തു നിന്നെ സൗഖ്യമാക്കുന്നു; എഴുന്നേറ്റു, താനായി തന്നെ കിടക്ക വിരിച്ചുകൊൾക എന്നു പറഞ്ഞു'"[15] (9:34). സാധാരണപോലെ, പത്രൊസ് അതിന്റെ ബഹുമതി എടുത്തില്ല. "നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നേ" "നല്ല ആരോഗ്യത്തോടെ" ഇവൻ സൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു (4:10). തന്റെ പരസ്യ ശുശ്രൂഷസമയത്തു, ഒരു പക്ഷപാതരോഗിയോട് യേശു, "എഴുന്നേറ്റു, കിടക്ക എടുത്തു വീട്ടിൽ പോക എന്നു

പറഞ്ഞു" (മത്തായി 9:6) – ആ മനുഷ്യർ അനുസരിക്കുകയും ചെയ്തു! ഐറെയാസ് വീട്ടിൽ തന്നെയായതുകൊണ്ട്,[16] പത്രൊസ് അവനോടു പറഞ്ഞു "എഴുന്നേറ്റു, [തന്നെത്താൻ] കിടക്ക വിരിച്ചുകൊൾക."

ഒരു പിതാവ് ഒരിക്കൽ തന്റെ മുഖത്തു അതിയായ ആഗ്രഹം പ്രകടിപ്പിച്ചു പറഞ്ഞു, "എന്റെ മകൾ പ്രവൃത്തി 9-ലെ പക്ഷാവാതക്കാരനെപ്പോലെ ആയി കണ്ടിരുന്നുന്നെങ്കിൽ എന്നു ഞാൻ അറിയു ന്നു." താൻ എന്താണ് അർത്ഥമാക്കിയതെന്നു പിന്നെ പറഞ്ഞു: "എല്ലാ പ്രഭാതത്തിലും, എന്റെ കുട്ടികളോട്, 'എഴുന്നേറ്റു, കിടക്ക മടക്കി വെക്കുക' എന്ന് – എന്നാൽ ഒന്നും സംഭവിച്ചില്ല!" അക്കാലത്തു (ഇന്നും അനേകരാജ്യങ്ങളിൽ ഇതു തന്നെയാണവസ്ഥ[17]), പായയാണ് തറയിൽ രാത്രി വിരിച്ചു കിടക്കുന്നത് പ്രഭാതത്തിൽ അതു മടക്കിവെക്കും.[18] ഐനയാസിന്റെ പായ് മടക്കിവെച്ചിട്ട് എട്ടു വർഷമായി. അവൻ അതിൽ രാത്രിയും പകലും വർഷംതോറും, ഇളവാൻ പറ്റാതെ കിടക്കയായിരുന്നു. പത്രൊസ് അവനോടും, സ്വന്തം കാലിൽ നിന്നു, കിടക്ക ചുരുട്ടിവെക്കാവുന്ന പായ ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം അവനു ഒരു തടവായിരുന്നു അത്.

ഇന്ന് നടക്കുന്നു എന്നവകാശപ്പെടുന്ന "അത്ഭുതത്തിനു" പകരം, ഇന്നു, ബൈബിളിലെ അത്ഭുതം ഉടനെ, പൂർണ്ണമായും, ബോധ്യപ്പെടുന്നതും ആയിരുന്നു. ഐനെയാസിനെ സൗഖ്യമാക്കിയതും അങ്ങനെ തന്നെയായിരുന്നു: "*ഉടനെ* അവൻ എഴുന്നേറ്റു" (വാക്യം 34; എംഫസിസ്മൈൻ). ഐനെയാസിൽ അതു എന്തു സന്തോഷമായിരിക്കും, ആ പ്രദേശം മുഴുവൻ എത്ര ആവേശം ഉള്ളവരായിരിക്കണം! "ലുദ്ദയിലും ശാരോനിലും പാർക്കുന്നവർ എല്ലാവരും അവനെ കണ്ടു" (വാക്യം 35). ശാരോൻ ഫലപുഷ്ടിയുള്ള തുറസ്സായ സ്ഥലം, മനോഹരമായ കാട്ടുപൂക്കൾക്കു പ്രസിദ്ധിയാർജിച്ചിരുന്നു (ഉത്തമഗീതങ്ങൾ 2:1). മദ്ധ്യധരണ്യാഴിയുടെ തീരത്തുകൂടെ യോപ്പയിൽ നിന്നു കൈസര്യവരെ ഉണ്ടായിരുന്നു.[19] ഐസെയാസിനു സംഭവിച്ചതു, ആ പ്രദേശത്തുള്ള എല്ലാവരും കേട്ടറിഞ്ഞു വന്നു വിസ്മയിച്ചു.

അത്ഭുതങ്ങളുടെ പ്രാഥമികമായ ഉദ്ദേശം വചനം ഉറപ്പിക്കുകയായിരുന്നു (എബ്രായർ 2:3, 4). ലുദ്ദയിലേക്കും ചുറ്റുപാടുമുള്ള ആളുകൾ, ഐറെയാസ് നിൽക്കുന്നതും നടക്കുന്നതും കണ്ട്, അവർ "കർത്താവിൽ വിശ്വസിച്ചു" (9:42)[20] "കർത്താവിങ്കലേക്കു തിരിയുകയും" ഇടയ്ക്കു (9:35) പത്രൊസിനു അവരുടെ കണ്ണുകളെ സൗഖ്യമാക്കിയവനിൽ (തന്നിൽ) നിന്നു ശക്തിയിലേക്കു (യേശു)[21] തിരിയുവാൻ കഴിഞ്ഞു – നിരവധി പേർ ക്രിസ്ത്യാനികളാവുകയും ചെയ്തു! ആളുകൾക്കുള്ളതു അവർ ഉപയോഗിച്ചു കർത്താവിനു ചെയ്യാൻ കഴിയുന്നതു ചെയ്താൽ, കർത്താവു അവരുടെ പ്രയത്നങ്ങളെ അനുഗ്രഹിക്കും!

## രണ്ടു ശിഷ്യൻമാർ അവർക്കുണ്ടായിരുന്നതു ഉപയോഗിച്ചു (9:26-38)

രംഗം പിന്നെ പന്ത്രണ്ടു മൈൽ പടിഞ്ഞാറുമാറി, കടൽക്കരയിലെ ടൗണായിരുന്ന യോപ്പയിലേക്കും മാറുന്നു.[22] ശലോമോന്റെ കാലത്തു, ലബനോൻ ദേവദാരുമരങ്ങൾ സോർ വഴി ഒഴുകി യോപ്പയില്ക്കും, പിന്നെ

കരവഴി യെരുശലേമിലേക്കും എത്തിച്ചായിരുന്നു ദൈവാലയം പണിഞ്ഞത് (2 ദിനവൃത്താന്തം 2:16). തർശീശിലേക്കു കപ്പൽ കയറാൻ യോനാപ്രവാചകൻ യോപ്പയിലേക്കു ഓടിപ്പോയിരുന്നു (യോനാ 1:3). യോപ്പയിൽ, ഇപ്പോൾ കർത്താവിന്റെ സഭയുടെ, ഒരുപക്ഷേ അതു ലുദ്ദയിൽ തുടങ്ങിയ സമയത്തു തന്നെ തുടങ്ങിയതാകാം.ആ ഇടവകയിൽ ഒരംഗത്തിലാണ് നമ്മുടെ താല്പര്യം: "യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ള തബീഥാ[23] എന്നു പേരുള്ളോരു ശിഷ്യ ഉണ്ടായിരുന്നു (ഇത് ഗ്രീക്കിൽ താരതമ്യം ചെയ്തിരിക്കുന്നത് ഡോർക്കാസ് എന്നാണ്); അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും, ചെയ്തു പോന്നവളായിരുന്നു" (വാക്യം 36). "തബീഥ" എന്നതു അവളുടെ അരാമ്യ പേരായിരുന്നു. "തബീഥ" എന്നതിനും "ഡോർക്കസ്" എന്നതിനും അർത്ഥം "ഗാസെല്ലെ" ന്നാണ്.[24] മാനുകളിൽ വെച്ച് ഏറ്റവും സുന്ദരവും മൃദുലവുമായ ഒരു മൃഗമാണ് ഗാസെല്ലെ. 36–ാം വാക്യത്തിന്റെ അവസാനം എഫ്.എഫ്. ബ്രൂസ് തർജ്ജിമ ചെയ്തിരിക്കുന്നതു, "അവളുടെ സമയമെല്ലാം സൽപ്രവൃത്തികൾക്കും ദയാ പ്രവൃത്തികൾക്കും ആയി ചെലവിട്ടു എന്നാണ്."[25]

ഇടവകയിലും സമൂഹത്തിലും തബീഥയെ എല്ലാവരും സ്നേഹിക്കയും പ്രശംസിക്കയും ചെയ്തിരുന്നു, എന്നാൽ "ആ കാലത്തു അവൾ ദീനം പിടിച്ചു മരിച്ചു"[26] (വാക്യം 37). മോശമായവരും മരിക്കും നല്ലവരും മരിക്കും (എബ്രായർ 9:27). ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെ അനവധി പേർ പത്തു പന്ത്രണ്ടു വർഷം മുൻപു സഭ ആരംഭിച്ചയുടനെയുണ്ടായ ഉപദ്രവത്താൽ മരിക്കുകയായി, എന്നാൽ ഒരു ക്രിസ്ത്യാനി സ്വാഭാവികമായി മരിക്കുന്നതു പറഞ്ഞിരിക്കുന്നതു ആദ്യമായാണ്.[27] നാം വായിക്കുന്നതു, "അവർ അവളെ കുളിപ്പിച്ചു ഒരു മാളികമുറിയിൽ കിടത്തി എന്നാണ്" (വാക്യം 37). യെരുശലേമിൽ, മരിച്ചാൽ അന്നു തന്നെ അടക്കണമെന്നായിരുന്നു ആചാരം, പക്ഷെ നാട്ടിൻ പുറങ്ങളിൽ അങ്ങനെ ആകണമെന്നില്ല.[28] എങ്ങനെയായാലും, അവർ അവളുടെ ശരീരം അടക്കം ചെയ്യുവാൻ വേണ്ടി ഒരുക്കം നടത്തി[29] മാളികമുറിയിൽ വരുന്നവർക്കെല്ലാം, ഒരുമിച്ചു കരയുന്നതിനു അവസരവുമൊരുക്കി.[30]

യോപ്പയിൽ സംഭവിച്ചതെല്ലാം, പന്ത്രണ്ടുമൈൽ അകലെ ലുദ്ദയിൽ പത്രൊസിന്റെ അടുക്കൽ എത്തി. ഒരു പക്ഷേ പത്രൊസ് ഐനെയാസിനെ സുഖപ്പെടുത്തിയ വിവരം അവർ അറിഞ്ഞിരിക്കാം. സഹോദരൻമാർ അപ്പൊസ്തലനെ വരുത്തുവാനുള്ള ഏർപ്പാട് ചെയ്തു. "ലുദ്ദ യോപ്പയ്ക്കു സമീപമാകയാൽ, പത്രൊസ് അവിടെയുണ്ടെന്നു, ശിഷ്യൻമാർ കേട്ടു, നീ 'താമസിയാതെ ഞങ്ങളുടെ അടുക്കലോളം വരേണം എന്നപേക്ഷിപ്പാൻ, രണ്ടു ആളെ, അവന്റെ അടുക്കൽ അയച്ചു'" (വാക്യം 38).

എന്തുകൊണ്ടാണ് ശിഷ്യൻമാർ പത്രൊസിനെ വരുത്തുവാൻ കാരണം എന്ന് എനിക്കു പറയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചിട്ടുണ്ട്. "താമസിയാതെ" എന്ന പ്രയോഗം ഒരു പക്ഷേ തബീഥയെ അവർ അടക്കം ചെയ്യുന്നതിനു മുൻപു അവൻ യോപ്പയിലെത്തേണ്ടതുകൊണ്ടായിരിക്കാം[31] – ആ കാലാവസ്ഥയിൽ അടക്കം നീട്ടികൊണ്ടുപോകാനാവില്ല – എന്നാൽ അടക്കത്തിനു മുൻപ് അവൻ എത്തേണ്ടത് *എന്തുകൊണ്ടെന്നു* പറയുന്നില്ല. തബീഥയെ അവൻ എഴുന്നേൽപി

ക്കേണ്ടതിനാണെന്നു കരുതാൻ നിർവ്വാഹമില്ല. രേഖയനുസരിച്ച്, അപ്പൊസ്തലൻമാർ ഉയർപ്പിച്ചതായി കാണുന്നില്ല.[32] സ്ഫൈനൊസിനെ ഉയർപ്പിച്ചില്ല, അതുകൊണ്ട് തബീഥയെ ഉയർപ്പിക്കുമെന്ന് അവൻ തീരെ പ്രതീക്ഷിച്ചിരിക്കയില്ല. മറിച്ച്, അവനെ പെട്ടെന്നു വരുത്തി ഒരു ശവസംസ്കാര ശ്രുശ്രൂഷ നടത്തുവാനായിരുന്നു എന്നു ചിന്തിക്കുന്നതും ബാലിശമാകും! ഒരുപക്ഷേ കരഞ്ഞുകൊണ്ടിരിക്കുന്ന പുതുവർഷത്തെ പത്രൊസ് വന്നു ആശ്വസിപ്പിക്കുമെന്നു ശിഷ്യൻമാർ കരുതിക്കാണും. ശിഷ്യൻമാരുടെ ഉദ്ദേശ്യം എന്തായിരുന്നാലും, പെട്ടെന്നു പത്രൊസിനെ ആളയച്ചു വരുത്തി "അതു അവൻ തനിക്കുണ്ടായിരുന്നതു തന്നാൽ കഴിയുന്നതു ചെയ്യുന്നതിനായിരുന്നു."

ഒരു നിമിഷത്തേക്കു, പ്രകാശം പത്രൊസിന്റെ അടുക്കൽവന്ന ആ രണ്ടു മനുഷ്യരിലേക്കും മാറ്റുവാൻ ഞാൻ ആഗ്രഹിക്കുന്നു. "അവനെ വരുത്തേണ്ടതിനു, ശിഷ്യൻമാർ ... രണ്ടുപേരെ അയച്ചു ..." പത്രൊസിനു ഉണ്ടായിരുന്നതു ആ രണ്ടുപുരുഷൻമാർക്കില്ലായിരുന്നു. അവർ പത്രൊസ് ചെയ്യാൻ ആഗ്രഹിച്ചതു, ആ രണ്ടുപേർക്കു ചെയ്യുവാൻ കഴിയുമായിരുന്നില്ല.[33] മറിച്ച്, കർത്താവിനു വേണ്ടി ഉപയോഗിക്കുവാൻ അവരിലും *ചിലത്* ഉണ്ടായിരുന്നു. ഓരോരുത്തർക്കും രണ്ടുകാലും ഒരു വായും ഉണ്ടായിരുന്നു. അവർക്കുണ്ടായിരുന്നത് അവർ ഉപയോഗിച്ച് പത്രൊസിനെ അവിടേക്കു വരുവാൻ യാചിച്ചു.

നമ്മിൽ ചിലർ, കർത്താവിനു വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയാത്തതുകൊണ്ട്, ഒന്നും ചെയ്യാത്തവരാണ്. നമുക്കു പത്രൊസിനെപ്പോലെ ആകാൻ കഴിഞ്ഞില്ലെങ്കിൽ, നാം ആരുമല്ല. പേരു പറയാത്ത ആ രണ്ടു ശിഷ്യൻമാരെ കണ്ടു പഠിക്കുക. അവനു വേണ്ടി ഉപയോഗിപ്പാൻ ദൈവം നമുക്കെല്ലാവർക്കും *ചിലതു* തന്നിട്ടുണ്ട്. നമ്മിൽ അധികം പേർക്കും കാലുകൾ നടക്കുവാനും, വായ്കൊണ്ട് സംസാരിക്കുന്നതിനും തന്നിട്ടുണ്ട്. സ്നേഹിതന്റെ അടുക്കൽ ചെന്നു യേശുവിനെ കുറിച്ചു പറയുവാനാണ്. നാം ആ രണ്ടുപേരെപ്പോലെയാണെങ്കിൽ, നമുക്കു ചെയ്യാൻ പറ്റാത്ത ജോലി മറ്റുള്ളവരോട് *ചെയ്യുവാൻ* ആവശ്യപ്പെടാമല്ലൊ!

ആ രണ്ടുപേർക്കും ശാരീരിക കഴിവുണ്ടായിരുന്നതിനപ്പുറം, അവർക്കു അസ്ഥിരമായ മനോഭാവവും ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ: കർത്താവിനു വേണ്ടി ചിലതു ചെയ്യാൻ അവരോട് *പറഞ്ഞപ്പോൾ*, അവർ ഉടനെ അതനുസരിച്ചു: ആളുകളോടു എന്തെങ്കിലും ചെയ്യാൻ പറയുന്നതു ഉടനെ ചെയ്യുന്ന സ്വഭാവം അപൂർവ്വമായ വളർത്തലിന്റെ ഫലമാണ് – അങ്ങനെയുള്ളവരെ ഇടവകയിൽ കാണുന്നതു സഭാദ്ധ്യക്ഷൻമാർക്കു ആവേശം നല്കുന്നതാണ്. യേശു ആരെയെങ്കിലും പ്രശംസിച്ചിട്ടുണ്ടെങ്കിൽ അതു "അവൾ കഴിഞ്ഞതു ചെയ്തു" എന്നു പറഞ്ഞവളെയാണ് (മർക്കൊസ് 14:8; എംഫസിസ് മൈൻ).

ഒരിക്കൽ കൂടി, മനുഷ്യർ തങ്ങൾക്കുണ്ടായിരുന്നതു ഉപയോഗിച്ച് ചെയ്തപ്പോൾ, ദൈവം അവരുടെ പ്രവൃത്തിയെ അനുഗ്രഹിച്ചു: "പത്രൊസ് എഴുന്നേറ്റു അവരോടു കൂടെപോയി" (വാക്യം 39). കർത്താവിന്റെ ശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും അവനവനു ലഭിച്ചിട്ടിട്ടുള്ള താലന്തുകൾ കർത്താവിനായി ഉപയോഗിച്ചാൽ – ആ താല

ന്തുകൾ എത്ര വലുതോ ചെറുതോ ആകട്ടെ – എന്തു മഹത്തായ നേട്ട മായിരിക്കും അതിന്റെ ഫലം!

**ഡോർക്കാസ് അവൾക്കുണ്ടായിരുന്നതു ഉപയോഗിച്ചു**
**(9:36, 39-42)**

ആ രണ്ടു പുരുഷൻമാരും പത്രൊസും മണിക്കൂറുകൾ നടന്നു, ഡോർസിന്റെ ശരീരം കിടത്തിയിരുന്ന സ്ഥലത്തെത്തി. "എത്തിയപ്പോൾ അവർ അവനെ [പത്രൊസിനെ], മാളിക മുറിയിലേക്കു കൊണ്ടുപോയി" (വാക്യം 39). തബീഥയുടെ "സൽപ്രവൃത്തികളും ധർമ്മങ്ങളെയും അനുഭവിച്ചവരടക്കം ആ മുറി ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു" (വാക്യം 36). "അവിടെ വിധവമാർ[34] എല്ലാവരും കരഞ്ഞുകൊണ്ടും,[35] തബീതാ തങ്ങളോടുകൂടെ ഉള്ളപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളെയും ഉടുപ്പുകളും[36] കാണിച്ചുകൊണ്ടും അവന്റെ ചുറ്റും നിന്നു" (വാക്യം 39). മൂലഭാഷയിൽ ആ പ്രയോഗം അർത്ഥമാക്കുന്നതു അവൾ തുന്നിയ വസ്ത്രങ്ങളായിരുന്നു അവർ *ധരിച്ചി*രുന്നതു എന്നത്രേ. അവരുടെ ഉടുപ്പുകൾ പത്രൊസിനെ ചൂണ്ടിക്കാണിച്ചു, "അവൾ ഉണ്ടാക്കിയതാണിത് ... ഇത് ... എന്ന് പറയുന്നതു എനിക്കു കാണാൻ കഴിയുന്നുണ്ട്!"

തബീഥക്കു വിവിധ താലന്തുകൾ ഉണ്ടായിരുന്നിരിക്കയില്ല. "എനിക്ക് അധികമൊന്നും ചെയ്യാൻ കഴിവില്ല, അതുകൊണ്ട് ഒന്നും ചെയ്യുന്നില്ല" എന്നവൾക്കു പറയാമായിരുന്നു, എന്നാൽ, അവൾക്കുണ്ടായിരുന്ന ചെറിയ വിഭവങ്ങൾ അവൾ കർത്താവിനായി ചെയ്തു, അവൾക്കുണ്ടായിരുന്നതു ഒരു സൂചിയും, നൂലും, തുണിയും, തുന്നുവാനുള്ള കഴിവുമായിരുന്നു. നമുക്കെല്ലാവർക്കും ഉണ്ടാകേണ്ട ഒരു മനോഭാവം അവൾക്കുണ്ടായിരുന്നു എന്നതാണ്, മുഖ്യകാര്യം 38, 39-ാം വാക്യത്തിൽ പറഞ്ഞ രണ്ടു പുരുഷൻമാർ അവരോടു പറഞ്ഞതു ചെയ്യുവാനുള്ള പ്രത്യേക സ്വഭാവഗുണമുള്ളവരായിരുന്നു, എന്നാൽ തബീഥക്കു അതിലും പ്രത്യേക ഗുണമാണുണ്ടായിരുന്നത്: ആരും പറയാതെ ചെയ്യേണ്ടതു അവൾ ചെയ്തു എന്നാണ് പ്രത്യേകത! തബീഥക്കു ലോലവും സഹതാപവുമുള്ള ഹൃദയമുണ്ടായിരുന്നു. അവൾ ചുറ്റും നോക്കിയതു ആർക്കാണ് ഉടുപ്പുകൾ വേണ്ടതെന്നാണ്. ആ പട്ടണത്തിൽ, ഒരു വിധവ, അവളുടെ ഉപജീവനദാതാവും സംരക്ഷകനും നഷ്ടപ്പെട്ട, വളരെ ഞെരുങ്ങിയിരിക്കുകയാണ്. തബീഥാ തനിക്കുണ്ടായിരുന്നതുകൊണ്ട് അവൾക്കെന്തു ചെയ്യാൻ കഴിയുമോ അതു ചെയ്തു; വിധവമാർക്കും മറ്റു ആവശ്യക്കാർക്കും വേണ്ടി അവൾ തയ്ക്കാൻ തയ്യാറായി.[37]

നമുക്കറിയാവുന്നേടത്തോളം, തബീഥ ഒരു ക്ലാസും പഠിപ്പിച്ചിട്ടില്ല, അത്ഭുതങ്ങളും ചെയ്തില്ല, "പ്രധാനപ്പെട്ട പരിപാടികളും" ചെയ്തിരുന്നില്ല. നിങ്ങൾ യോപ്പയിലെ ഇടവകയിൽ സന്ദർശനം നടത്തിയിരുന്നെങ്കിൽ, അവൾ വെറുതെയിരിക്കുന്നതു നിങ്ങൾ ഒരിക്കലും കണ്ടിരിക്കയില്ല. ഏതു ശുശ്രൂഷയാണ് നിങ്ങൾ യോപ്പയിലെ ഇടവകയിൽ സന്ദർശനം നടത്തിയിരിക്കുന്നതു, നിങ്ങൾ ചെയ്യുന്നതെന്നു അവളോടു ചോദിച്ചിരുന്നെങ്കിൽ, അവൾ വിസമ്മത സൂചനയായി തോൾ വെട്ടിച്ചു, "ചെറിയ തുന്നൽ മാത്രം" എന്നവൾ പറയുമായിരുന്നു. എങ്കിലും, അവൾ മരിച്ചപ്പോൾ, അന്നുവരെ

അവിടെ വീണിട്ടില്ലാത്തത്ര കണ്ണുനീർ യോപ്പയിൽ വീണിരിക്കും.

ക്രിസ്തുവിന്റെ ആത്മാവിന്റെ സ്വഭാവമായ മറ്റുള്ളവരെ സഹായിക്കുന്ന ക്രിസ്ത്യാനികളുടെ സൽപ്രവൃത്തിയെ ചിലപ്പോൾ നാം വിലകുറച്ചുകാണും. പത്രൊസ് എഴുതി, "ആകയാൽ, അവസരം കിട്ടുംപോലെ, നാം എല്ലാവർക്കും, വിശേഷാധി സഹവിശ്വാസികൾക്കും നൻമ ചെയ്തു, ..." (ഗലാത്യർ 6:10). "ശുദ്ധവും നിർമ്മലവുമായ ഭക്തി," യാക്കൊബ് നിർവ്വചിക്കുന്നു "അനാഥരേയും വിധവമാരെയും," അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുന്നതാകുന്നു[38] (യാക്കൊബ് 1:27). അത്തരം പ്രവൃത്തിയുടെ വിദൂരഫലമാണ് തബീഥയുടെ പ്രവൃത്തിയിൽ നാം തെളിഞ്ഞു കാണുന്നത്. അവളുടെ സംഭവം പറയുവാൻ ഏഴു വാക്യങ്ങൾ മാത്രം, പക്ഷെ ആ ഏഴു വാക്യങ്ങൾ ദരിദ്രരെ സഹായിക്കുവാൻ പതിനായിരക്കണക്കിനു ആളുകളെ യുഗങ്ങളായി പ്രചോദിപ്പിച്ചിട്ടുണ്ട്![39] നാം നമുക്കുള്ളതു ചെയ്താൽ ദൈവം ആ പരിശ്രമത്തെ എങ്ങനെ വർദ്ധിപ്പിക്കുന്നുവെന്നതു അതിശയകരം തന്നെ!

യേശുവിനു വേണ്ടി ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? നിങ്ങൾക്കു തുന്നാൻ കഴിയുമോ? നിങ്ങൾക്ക് പാചകം ചെയ്യാനറിയാമോ? പാത്രം കഴുകാനറിയാമോ? തറ തൂത്തു തുടക്കാൻ അറിയാമോ? അറ്റകുറ്റപ്പണി ചെയ്യാൻ അറിയാമോ? നിങ്ങൾക്കു ഇലകളും ചവറും വാരികൂട്ടാൻ അറിയാമോ? വേദനിക്കുന്ന ആരുടെയെങ്കിലും തോളിൽ കയ്യിടാൻ പറ്റുമോ? ഒരു ഗ്ലാസ് വെള്ളം കൊടുക്കാൻ പറ്റുമോ? യേശു പറഞ്ഞു, "ശിഷ്യൻ എന്നു വെച്ചു ചെറിയവരിൽ ഒരുത്തനു ... ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവനു, പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 10:42). നിങ്ങൾക്കുള്ളതു അതെന്തായാലും ഉപയോഗിക്കുക - അത് *എന്തായാലും* - ചെയ്യാൻ കഴിയുന്നതു ചെയ്യുക. ദൈവം നിങ്ങളുടെ പ്രയത്നങ്ങളെ അനുഗ്രഹിക്കും!

ഡോർക്കാസിനെ മരിച്ചവരിൽ നിന്നുയർപ്പിച്ചുകൊണ്ട് - പത്രൊസിനുണ്ടായിരുന്നതു അവനു*പയോഗിക്കുവാൻ* സമയമായി. എന്തുകൊണ്ട് തബീഥയെ ഉയർപ്പിക്കാൻ അവൻ ആഗ്രഹിച്ചതെന്തുകൊണ്ടാണെന്നു എനിക്ക് അറിഞ്ഞുകൂടാ. അവൾ നല്ല ഒരു സ്ത്രീയായിരുന്നു, പക്ഷെ നല്ല ആളുകൾ മുൻപും മരിച്ചിട്ടുണ്ട്. എന്നാൽ അവരെ ഉയിർപ്പിച്ചിട്ടില്ല. ദൈവത്തിന്റെ ഉദ്ദശമായിരുന്നു ഡോർക്കസിന്റെ ഉയിർപ്പു എന്നു മാത്രമെ നമുക്കു പറയാൻ കഴിയൂ. ഒരാൾ പറഞ്ഞു,

> സ്തെഫാനൊസിനെ ഉയർപ്പിക്കാതെ, തബീഥയെ ഉയിർപ്പിച്ചതെന്തിനെന്നു ഒരാൾ അതിശയിച്ചേക്കാം (7:59) അല്ലെങ്കിൽ യാക്കൊബിനെ (12:2). ദൈവിക കാരണങ്ങൾ എന്തായാലും അവ ദൈവത്തിനു മഹത്വം കൊടുക്കുന്നു. ഒരുപക്ഷെ നാം ഭൗതികമരണത്തിൽ കൂടുതൽ താല്പര്യമുള്ളവരും യേശുവിന്റെ ഉയർത്തെഴുന്നല്പിലൂടെ ലഭിക്കുന്ന വിജയത്തിൽ കുറച്ചു മാത്രം ചിന്തുന്നവരുമായതാകാം അങ്ങനെ ചിന്തിക്കുന്നത്.[40]

നമുക്ക് അറിയാവുന്നേടത്തോളം, ഒരു അപ്പൊസ്തലൻ മരിച്ചവരിൽ നിന്നു ഒരാളെ ഉയർപ്പിക്കുന്നതു ഇതാദ്യമാണ്. ഇതെങ്ങനെ ചെയ്യണമെന്നു പത്രൊസിനു എങ്ങനെ അറിയാം? "മരിച്ചവരെ ഉയിർപ്പിക്കുന്ന" ഗ്രന്ഥം അവന്റെ കയ്യിലില്ലായിരുന്നു, എന്നാൽ യേശു മരിച്ചവരെ ഉയിർപ്പിച്ച ഓർമ്മ അവനിലുണ്ടായിരുന്നു.[41] യേശു യായീറോസിന്റെ മകളെ ഉയിർപ്പിച്ചതും പത്രൊസ് തബീഥയെ ഉയർപ്പിച്ചതും പത്രൊസ് തബീഥയെ ഉയിർപ്പിച്ചതും (മർക്കൊസ് 5:21–43; ലൂക്കൊസ് 8:40–56) തമ്മിലുള്ള സമാനത യാദൃശ്ചികമായി ഉണ്ടായതാകാം.[42] പത്രൊസ് വിചാരിച്ചതു എനിക്കു ഊഹിക്കാൽ കഴിയും, "യേശു എന്താണ് ആദ്യം ചെയ്തു? ഓ, അതെ, അവൻ ആദ്യം ആളുകളെ മുറിയിൽ നിന്നു പുറത്താക്കി"[43] അങ്ങനെ "പത്രൊസ് എല്ലാവരേയും പുറത്താക്കി ..." (വാക്യം 40). എല്ലാവരും പുറത്തുപോയപ്പോൾ, പത്രൊസ് "മുട്ടുകുത്തി പ്രാർത്ഥിച്ചു" (വാക്യം 40). യേശു പ്രാർത്ഥിക്കാൻ മുട്ടുകുത്തിയില്ല; പക്ഷെ പത്രൊസ് ശക്തി *അന്വേഷിച്ചപ്പോൾ,* യേശു ശക്തിയാ*യിരുന്നു.* യേശു അടുത്തതു ചെയ്യുവാൻ, പത്രൊസ് തന്റെ പാദത്തിൽ നിന്നു. അവൻ പറഞ്ഞതു "ഞാൻ ഓർക്കുന്നു. 'തലീഥാ, കമി!' (അതായത്, 'ബാലേ, എഴുന്നേല്ക്ക!')" (മർക്കൊസ് 5:41; ലൂക്കൊസ് 8:54). പത്രൊസ് അവളുടെ ശരീരത്തിലേക്കു തിരിഞ്ഞു പറഞ്ഞു, "തബീഥാ, എഴുന്നേക്കൂ" (വാക്യം 40). (അരാമ്യവാക്കായ "ബാലേ" [തലീഥ] യും അരാമ്യവാക്കായ "തബീഥ" യും തമ്മിലുള്ള വ്യത്യാസം ഒരക്ഷരം മാത്രമാണ്.[44])

"ബാലേ, എഴുന്നേല്ക്ക," എന്നു യേശു പറഞ്ഞപ്പോൾ, "പെൺകുട്ടി ഉടനെ എഴുന്നേറ്റു" (മർക്കൊസ് 5:42; ലൂക്കൊസ് 8:55). അതുപോലെ, തബീഥാ "കണ്ണു തുറന്നു, പത്രൊസിനെ കണ്ടു, എഴുന്നേറ്റിരുന്നു" (വാക്യം 40).[45] യേശു ആ പെൺകുട്ടിയെ കൈയ്ക്കു പിടിച്ചു എഴുന്നേല്പിച്ചു (മർക്കൊസ് 5:41; ലൂക്കൊസ് 8:54), പത്രൊസ് "കൈകൊടുത്തു [ഡോർക്കാസ്] അവളെ എഴുന്നേല്പിച്ചു" (വാക്യം 41). പത്രൊസ് ഒരു പക്ഷേ ഓരോ കാതുകളിലേക്കും ഇതു കൈമാറിയായിരിക്കാം, "വിശുദ്ധൻമാരെയും വിധവമാരെയും വിളിച്ച അവളെ,[46] ജീവനുള്ളവളായി അവരുടെ നടുവിൽ നിറുത്തിയത്" (വാക്യം 41).

ജെ. ഡബ്ലിയു. മെക്ഗാർലേ ഈ സംഭവപരമ്പരകളെ ഈ വാക്കുകളിൽ കൊത്തി വർണ്ണിച്ചിരിക്കുന്നു:

> ശബ്ദാധികാരത്തോടും, മൃദുലസ്വരത്തോടും, കൂടെ മരവിച്ച ശരീരത്തോട് [പത്രൊസ്] പറഞ്ഞതു, "തബീഥാ, എഴുന്നേല്ക്ക" എന്നതു കേട്ടു. അവളുടെ കണ്ണുതുറന്നു, അവൾ പത്രൊസിനെ കാണുന്നു. അവൾ അവനെ തിരിച്ചറിഞ്ഞോ, അതോ അവൾക്കു അവൻ അപരിചിതനായി തോന്നിയോ? നമുക്കറിഞ്ഞുകൂടാ. അവൾ എഴുന്നേറ്റിരുന്നു, അവന്റെ മുഖത്തേക്കു നോക്കി. മറ്റൊരു വാക്ക് അവർക്കിടയിൽ കടന്നുവരുന്നതിനു മുൻപ്; അവൻ അവളെ കൈക്കു പിടിച്ചു, എഴുന്നേല്പിച്ചു. അവൻ വിശുദ്ധൻമാരെയും വിധവമാരെയും വിളിച്ചു വരുത്തിയപ്പോൾ കാണുന്നതു വെള്ള വസ്ത്രധാരിയായി ജീവനോടെ നില്ക്കുന്നതായി കണ്ടു ... [പത്രൊ

സ്] വന്നതു കരയുന്നവരോടു കൂടെ കരയുന്നതിനും; സന്തോഷി ക്കുന്നവരോടുകൂടെ സന്തോഷിക്കുന്നതിനുമായിരുന്നു.[47]

ഇതുവരെ, ഓരോ ക്രിസ്ത്യാനിയുടേയും മരണം ദൈവമക്കൾക്കു ഓരോ പാഠമാണ് നല്കിയതു: പ്രവൃത്തി 5-ൽ അനന്യാസന്റേയും സഫ രുയുടെയും മരണം, ദൈവത്തെ പരിഹസിച്ചുകൂടാ എന്ന സന്ദേശം നല്കുന്നു! തന്റെ ഭക്തൻമാരെ അടിച്ചമർത്തുമ്പോൾ അതു കർത്താവ് അറിയുകയും അവരെ ആദരിക്കയും ചെയ്യുന്നു എന്ന ഉന്നൽ നല്കു ന്നു. തബീഥയുടെ മരണവും തുടർന്നുള്ള ഉയിർത്തെഴുന്നേല്പും നമ്മെ ഓർമ്മിപ്പിക്കുന്നതു നമ്മെ വിളിച്ച കർത്താവിനോടു നാം വിശ്വസ്തത പുലർത്തി ജീവിച്ചാൽ, നാമും, ഒരു ദിവസം ഉയിർ ത്തെഴുന്നേറ്റു ദൈവ ത്തോടു കൂടെ നിത്യമായി ജീവിക്കും എന്നാണ് (1 കൊരിന്ത്യർ 15:20, 35–38, 42–44, 51–55, 57).

നാം തബീഥയുടെ സംഭവം വിട്ടുപോകുന്നതിനുമുൻപ്, മൂന്നു കാര്യ ങ്ങൾകൂടെ ഊന്നിപ്പറയട്ടെ: ആദ്യം, ഐനിയാസിനെ സുഖപ്പെടുത്തിയതിനേക്കാൾ പ്രയാസം തബീഥയെ ഉയിർപ്പിക്കാൻ പത്രൊസിനുണ്ടായില്ല (വാക്യം 34). തബീഥയെ ഉയിർപ്പിച്ചത് ഒറ്റവാക്യത്തിലാണ് പറയുന്നത് (വാക്യം 40). ചുറ്റുമുള്ള സമൂഹത്തിലു ണ്ടായ സ്വാധീനം ഒരേ രീതിയിലായിരുന്നു (വാക്യങ്ങൾ 35, 42).

> ... കണ്ണുതുറക്കാൻ എടുക്കുന്ന ശക്തിയേക്കാൾ കൂടുതൽ ശക്തി മരിച്ചവരെ ഉയിർപ്പിക്കുവാൻ ദൈവത്തിനു ആവശ്യമില്ല. പുതിയ നിയമത്തിൽ വലുതും, ഇടത്തരവും ചെറുതുമായ അത്ഭുതങ്ങൾ എന്നൊന്നില്ല. ഒന്നാം നൂറ്റാണ്ടിൽ ബാധിതരായവരെയെല്ലാം തന്നെ അത്ഭുതങ്ങളാൽ – സൗഖ്യമാക്കി! അന്നുണ്ടായിരുന്ന ശക്തി ഇന്നുണ്ടെങ്കിൽ, അന്നു ചെയ്തതുപോലെയുള്ള അത്ഭുതങ്ങൾ ഇന്നും ചെയ്യാൻ കഴിയും.[48]

അപ്പൊസ്തലന്മാരുടെ ശക്തി ഉണ്ടെന്നു അവകാശപ്പെട്ടവരോട് വർഷങ്ങളായി, സുവിശേഷപ്രാസംഗികൾ വെല്ലുവിളികൾ ഉയർത്തി യിട്ടുണ്ട്: ''ഞങ്ങളോടെ സെമിത്തേരിയിൽ വരിക. നിങ്ങൾ ഉയിർപ്പിക്കുന്ന ഓരോരുത്തനും, ഞങ്ങൾ രണ്ടുപേരെ വെച്ച് ഉയിർപ്പിക്കാം!"[49] ചിലപ്പോൾ അവകാശപ്പെടുന്നത്, "അങ്ങകലെ ഒരാൾ മരിച്ചയാളെ ഉയിർപ്പിച്ചതായി ഞാൻ *കേട്ടിട്ടുണ്ട്* എന്നാണ്," എന്നാൽ ഈ അവകാശം പൊള്ളയും പരിശോധിക്കാൻ പറ്റാത്തതുമാണ്.

എന്നെ പ്രവൃത്തികളുടെ പുസ്തകം പഠിപ്പിച്ച, ജെ.ഡബ്ള്യൂ റോബെർട്ട്സ്, തബീഥയെ ഉയിർപ്പിച്ചതിന്റെ ഒരു പകർപ്പ് അവതരിപ്പിച്ചത് പറയുകയുണ്ടായി. ഒരു സഞ്ചാരിയായി സുവിശേഷവേല ചെയ്യുന്ന യാൾ അപ്പൊസ്തലിക ശക്തിയുണ്ടെന്നു കാണിക്കുമെന്ന് പ്രഖ്യാപിച്ചു. ഒരു ശവപ്പെട്ടി തുറന്നു, മരണശയ്യയോടെ ഒരാളുടെ ശരീരം പെട്ടിയിലാക്കുന്നതു വെളിപ്പെടുത്തി. ഉപദേഷ്ടാവ് പ്രഖ്യാപിച്ചു, "ഈ മനുഷ്യൻ മൂന്നു ദിവസമായി മരിച്ചിട്ട്, എന്നാൽ ഞാൻ അയാളെ

ഉയിർപ്പിക്കും!" സംശയാലുവായ ഒരാൾ ആ പെട്ടിക്കരികിലേക്ക് വന്നു, തോക്കു ചൂണ്ടി, പറഞ്ഞു, ''മരിച്ചയാളെ വെടി വെക്കരുതെന്ന് നിയമമില്ലല്ലോ, അല്ലേ?" "മൃതശരീരം" പെട്ടിക്കുള്ളിൽ നിന്നു ചാടി ഓടിപ്പോയി.

രണ്ടാമതു, തബീഥക്കു സൗഖ്യമാക്കുവാൻ അപ്പോൾ വിശ്വാസമില്ലായിരുന്നു. "ഫെയിത്ത് ഹീലേഴ്സ്" എന്നവകാശപ്പെടുന്നവർ പരാജയപ്പെടുമ്പോൾ, സൗഖ്യം അന്വേഷിച്ചുവരുന്നവരിൽ പഴിചാരും: "ഓ അയാൾക്കു വിശ്വാസമില്ലായിരുന്നു" എന്നു പറയും. പുതിയ നിയമത്തിലെ അത്ഭുതങ്ങൾക്കു മുൻപു അതാവശ്യമുള്ളവർക്കു, എങ്ങനെയായാലും, വിശ്വാസം അനിവാര്യമായിരുന്നില്ല.[50] തബീഥ മരിച്ച അവസ്ഥയിലായിരുന്നതിനാൽ അവളുടെ ശരീരം സൗഖ്യമാക്കി ജീവിതത്തിലേക്കു മടക്കികൊണ്ടുവരുവാനുള്ള വിശ്വാസം അപ്പോൾ അസാദ്ധ്യമായിരുന്നു.

മൂന്നാമത് ഏറ്റവും സുപ്രധാനമായത്, തബീഥയെ ഉയിർപ്പിച്ചത് സംഭവത്തിന്റെ പര്യവസാനം ആയിരുന്നില്ല. അത്ഭുതങ്ങൾ ഒരിക്കലും അവരിൽ തന്നെ അവസാനിച്ചിരുന്നില്ല, പക്ഷെ അതു അവസാനത്തിലേക്കുള്ള ഒരു മാർഗമായിരുന്നു. പ്രവൃത്തി 9-ാം അദ്ധ്യായത്തിലെ ആവേശകരമായ വാർത്ത ഐനയാസ് സൗഖ്യമായതോ, തബീഥയെ ഉയിർപ്പിച്ചതോ ആയിരുന്നില്ല! പിന്നെയോ ആത്മാക്കൾ രക്ഷപ്പെട്ടതായിരുന്നു! തബീഥയെ ഉയിർപ്പിച്ചതു "യോപ്പയിൽ എങ്ങും പ്രസിദ്ധമായി പലരും കർത്താവിൽ വിശ്വസിച്ചു'' (വാക്യം 42).[51] ഭൗതീകമായി മരിച്ചവരെ ഉയിർപ്പിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ് ആത്മീകമായി മരിച്ചവരെ ഉയിർപ്പിക്കുന്നത്! അത്ഭുതങ്ങളേക്കാൾ പ്രാധാന്യമാണ് രക്ഷക്കുള്ളത്, "രക്ഷക്കു ഏറ്റവും വലിയ വില കൊടുത്തതിനാൽ, ... . ഏറ്റവും വലിയ ഫലമാണുളവാക്കിയത്, കൂടാതെ ... അതു ദൈവത്തിനു ഏറ്റവും വലിയ മഹത്വവും കൊടുക്കുന്നത്."[52]

## തോൽക്കൊല്ലൻ അവനുണ്ടായിരുന്നത് ഉപയോഗിച്ചു (9:43)

ആത്മാക്കളുടെ വിളവെടുപ്പു ഫലത്തിനായി യോപ്പയിൽ കുറെ നാൾ പാർക്കുവാൻ ആ സമൂഹത്തിന്റെ ഇഷ്ടപ്രതികരണം പത്രൊസിനെ പ്രേരിപ്പിച്ചു. അതുകൊണ്ട്, ലൂക്കൊസ് അദ്ധ്യായം അവസാനിപ്പിക്കുന്നത്, "പിന്നെ തോല്കൊല്ലനായ ശീമോൻ എന്ന ഒരുത്തന്റെകൂടെ, [പത്രൊസ്] വളരെനാൾ യോപ്പയിൽ പാർത്തു'' (വാക്യം 43) പത്രൊസിന്റെ സംബോധന കൊർന്നെല്യൊസ് നല്കുന്ന നിർദ്ദേശങ്ങളും അടുത്ത അദ്ധ്യായത്തിലുണ്ട്: "ഇപ്പോൾ യോപ്പായിലേക്ക് ആളയച്ചു ... പത്രൊസ് ... എന്നു മറുപേരുള്ള; ശീമോനെ വരുത്തുക, അവൻ തോല്കെല്ലനായ ശീമോൻ എന്നൊരുവനോടുകൂടെ പാർക്കുന്നു, അവന്റെ വീട് കടല്പുറ്ത്തു ആകുന്നു എന്നു പറഞ്ഞു" (10:5, 6).

ശീമോന്റെ പണിപ്പുര താമസസ്ഥലത്തിനടുത്താണെങ്കിൽ, പലപ്പോഴും അങ്ങനെ തന്നെ ആയിരിക്കും, ശിമോന്റെ വീട് കടൽത്തീരത്തായിരിക്കും കാരണം തോൽ കുതിർക്കുന്നതിനു കടൽ വെള്ളം ആവശ്യമാണ്.

അല്ലെങ്കിൽ, തോൽ കുതിരുമ്പോൾ വല്ലാത്ത *ഗന്ധമുള്ളതും* കാരണമാണ്.[53] എങ്കിലും, ലൂക്കൊസ് 10, 11 ഉം അദ്ധ്യായങ്ങളിൽ വരുന്ന സംഭവങ്ങൾക്കു മുൻപു ചിലതു മുൻകൂട്ടി പറയുവാൻ ലൂക്കൊസ് തയ്യാറാകുന്നു. ശിമോന്റെ വീട് മറ്റു വീടുകളിൽ നിന്നൊറ്റപ്പെട്ട്, കടല്ക്കരയിൽ ആയിരുന്നേക്കാം, കാരണം മറ്റു യഹൂദന്മാർ അവന്റെ അടുത്ത് താമസിക്കാൻ ആഗ്രഹിച്ചിരിക്ക യില്ല.[54] തോൽപ്പണി ഒരു തൊഴിലായിട്ടുതന്നെ അധികം യെഹൂദന്മാരും അംഗീകരിച്ചിരുന്നില്ല (ലേവ്യപുസ്തകം 11:35–40). മാത്രമല്ല, ഒരു തോല്കൊല്ലനോടൊപ്പം *താമസിക്കുന്നത്* മിക്ക യെഹൂദന്മാർക്കും ചിന്തിക്കാൻ പോലും കഴിയുകയില്ല. ശീമോനു തോല്കെല്ലനായി തന്നെ ക്രിസ്ത്യാനിയായി ജീവിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് വസ്തുത[55] – കൂടാതെ പത്രൊസ് അവനോടൊപ്പം താമസിക്കാൻ തയ്യാറായി – ഒരുപക്ഷേ ഭാവിയിൽ ചരിത്രം തന്നെ മാറ്റിമറിക്കുന്നത് മനോഭാവത്തിന്റെ മുന്നോടി ആയിരിക്കാമത്, അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ വരച്ചു കാണിച്ചിരിക്കുന്നു.

നാം 9–ാം അദ്ധ്യായം വിടുന്നതിനു മുൻപു, ഈ പാഠത്തിലെ മുഖ്യപോയിന്റ് എങ്ങനെ ചിത്രീകരിക്കാനെന്നു നോക്കാം. ഇതുപോലെ ഒരു രംഗം സങ്കല്പിക്കുക: തബീഥയെ ഉയിർപ്പിച്ചശേഷം, പൗലൊസ് ഒരു വശത്ത് മാറിനിന്നു രാത്രിയിൽ എവിടെ ചെലവഴിക്കും എന്നു ചിന്തിച്ച്, ആഘോഷം നോക്കുകയാണ്. അവസാനം, പഴയതോലിന്റെ[56] തീവ്രമായ നിറത്തോടുകൂടിയ ഒരു വസ്ത്രധാരിയായ ആൾ, പത്രൊസിന്റെ അടുക്കൽ മടിച്ചുകൊണ്ടെത്തി. അവൻ പറഞ്ഞു, "നിങ്ങൾക്കു മറ്റെവിടെയും താമസിക്കാനില്ലെങ്കിൽ, ഇന്നു രാത്രി എന്റെ വീട്ടിൽ പാർക്കാം." പത്രൊസ് മറുപടി പറയുന്നതിനു മുൻപു തന്നെ, അവൻ തുടർന്നു: "നീ വന്നില്ലെ. എനിക്കു വിഷമമൊന്നും തോന്നുകയില്ല." "ഞാൻ ഒരു തോല്കൊല്ലനാണ് – എന്റെ വീട് ടൗണിനു പുറത്ത് കടല്കരയിലാണ്." പത്രൊസ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, "ഞാൻ ഒരു മുക്കുവനായിരുന്നു. എനിക്കു കടൽ *പ്രിയമാണ്.* നിങ്ങളുടെ അതിഥി ആകുന്നത് എനിക്ക് ആദരവായിരിക്കും!'' അങ്ങനെ പത്രോസ് അവനോടുകൂടെ "അനേക നാളുകൾ" പാർത്തു.

"കർത്താവിനു വേണ്ടി ഉപയോഗിപ്പാൻ എന്റെ കയ്യിൽ ഒന്നുമില്ല" എന്നു ശീമോന്നു പറയാമായിരുന്നു. നിനക്ക് ഒരു വീടുണ്ടല്ലോ എന്നു ആരെങ്കിലും പറഞ്ഞാൽ, "നിങ്ങൾ തമാശ പറയുകയാണ്. എന്റെ വീട് *ദുർഗന്ധമുള്ളതാണ്*! അവിടെ ആർ താമസിക്കും?'' എന്നു അവൻ പറഞ്ഞേക്കാം. തോല്കൊല്ലൻ, എങ്ങനെയായാലും, തനിക്കു ഉണ്ടായിരുന്നത് അവൻ തിരിച്ചറിഞ്ഞു – അതെത്ര ചെറുതായാലും – ദൈവത്തിന്റെ ദാനമാണ് അതു അവന്നായി ഉപയോഗിക്കണം. *അതിഥി സൽക്കാരത്തിന്റെ*[57] പ്രാധാന്യം ഓർമിച്ചു, തനിക്കുണ്ടായിരുന്നത് കഴിവനുസരിച്ചു ശിമൊൻ ചെയ്തു.

### ഉപസംഹാരം

അവസാനിക്കാനായി, നമ്മുടെ പാഠത്തിന്റെ ചുരുക്കം നമുക്കൊന്നെടുക്കാം:

ആദ്യമായി, ദൈവം എല്ലാവർക്കും സമയം, ഊർജ്ജം, കഴിവുകൾ,

സമ്പാദ്യം എന്നിവ എല്ലാവർക്കും നല്കിയിട്ടുണ്ട്. പത്രൊസിനു കൊടുത്തിരുന്നതു പോലെയുള്ള ദാനങ്ങൾ; അത്ഭുതാവഹമായിരുന്നു, ചിലപ്പോൾ അതു തബീഥയ്ക്കും, ശിമോന്നും ആ രണ്ടു പുരുഷന്മാർക്കുണ്ടായിരുന്നതു പോലെ, ഊഹിക്കാവുന്നതിലും ചെറുതായിരിക്കും. "നിങ്ങൾക്കുള്ളതു കണ്ടുപിടിക്കുക" എന്നതാണ് ഏറ്റവും നല്ല അഭ്യാസം വീടു നാറുന്നതാണെന്നോ, മോശമാണെന്നോ, തുരുമ്പു പിടിച്ച കാറാണെന്നോ, ചെറിയ താഴ്ന്ന ജോലിയാണെന്നോ കരുതാതെ ശിമോനെപ്പോലെ ചിന്തിക്കുക!

രണ്ടാമതായി, കഴിവനുസരിച്ചു നമുക്കുള്ളത് നാം *ഉപയോഗിപ്പാൻ* – പത്രൊസും, തബീഥയും, ശീമോനും ആരണ്ടുപേരും, ദൈവം ആഗ്രഹിക്കുന്നു. ന്യായവിധിയെക്കുറിച്ചുള്ള ഉപമയിൽ യേശു താലന്തു ഉപയോഗിക്കാതിരുന്നയാളെ "ദുഷ്ടനും" "മടിയനും" ആയ ദാസനെ എന്നാണ് വിളിച്ചത് (മത്തായി 25:26)!

മൂന്നാമതായി, നമ്മുടെ കഴിവനുസരിച്ചു നാം നമുക്കുള്ളതു ഉപയോഗിച്ചാൽ, നമ്മുടെ വേദഭാഗത്തിലെ ആളുകളുടെ പരിശ്രമത്തെ അനുഗ്രഹിച്ചതുപോലെ നമ്മെയും അനുഗ്രഹിക്കും. കർത്താവിന്റെ സഭയിലെ അംഗങ്ങൾ എല്ലാവരും അങ്ങനെ ചെയ്താൽ, നമ്മുടെ സമൂഹം മുഴുവൻ അതു കണ്ടു കർത്താവിൽ വിശ്വസിച്ചു അവന്റ കല്പനകൾ അനുസരിച്ചു ജീവിക്കും![58]

---

## ദൃശ്യ – സഹായക്കുറിപ്പുകൾ

---

മുഖ്യമായ ഒരു പദപ്രയോഗം ആവർത്തിച്ചു ആവർത്തിച്ച് ഉപയോഗിച്ചിട്ടുണ്ട്: "നിങ്ങൾക്കുള്ളതു കഴിവനുസരിച്ച് ഉപയോഗി ക്കുക." നിങ്ങളുടെ സഭയുടെ മനസിൽ ഈ ചിന്തക്ക് ഊന്നൽ കൊടുക്കുവാൻ, ഒരു കാർഡ് ബോർഡിൽ എഴുതുക (അല്ലെങ്കിൽ ബ്ലാക്ക് ബോർഡിൽ). പാഠത്തിൽ ഓരോ പ്രാവിശ്യവും ഈ ഉപയോഗം വരുമ്പോൾ, ആ കാർഡ് ബോർഡ് ഉയർത്തുക (അല്ലെങ്കിൽ ബ്ലാക്ക് ബോർഡിൽ ആ വാക്കുകൾ ചൂണ്ടികാണിക്കുകയും സദസ്യരെ കൊണ്ട് പറയിപ്പിക്കുകയും ചെയ്യുക), പാഠത്തിന്റെ അവസാനം ആ കാർഡ് ബോർഡ് മറിച്ചു പിടിക്കുക (ബ്ലാക്ക്ബോർഡിൽ ആ വാക്കുകൾ മറെക്കുക), "ദൈവം നിങ്ങളുടെ പ്രവൃത്തിയെ അനുഗ്രഹിക്കും എന്ന് വെളിപ്പെടുത്തുക!"

---

കുറിപ്പുകൾ

[1]ഈ പാഠം ആരംഭിക്കുന്നതിന് മറ്റു ചില ചിത്രീകരണം കൂടെ ഉപയോഗിക്കാൻ കഴിയും, അല്ലെങ്കിൽ "പത്രൊസിന് എന്തു സംഭവിച്ചു എന്ന് അതിശയിക്കയായിരിക്കും നിങ്ങൾ" എന്നു പറഞ്ഞുകൊണ്ട് ആരംഭിക്കാം. [2]പൊതുവിൽ ഇതു അപ്പൊസ്തലന്മാരെ സൂചിപ്പിക്കുന്നതല്ല 5:2; 6:6; 8:1; 9:27. [3]പത്രൊസ് ഒരു പക്ഷെ മുമ്പ് പറഞ്ഞ വാക്യത്തിലെ സമാധാന അന്തരീക്ഷം ഉപയോഗിക്കുകയായിരിക്കാം. [4]അത്തരം ധാരാളം യാത്രകൾ നടന്നിട്ടുണ്ട്. ചിലത് ചുരുക്കമായിട്ടാണ് പറഞ്ഞിരിക്കുന്നത് (8:1, 4; 11:19, 20); അധികവും

പറഞ്ഞിട്ടില്ല. [5]പ്രവർത്തി 8:5, 26, 40. പത്രൊസും ഫിലിപ്പൊസും യാത്ര ചെയ്ത സ്ഥലങ്ങൾ കാണിക്കുന്ന പടം നോക്കുക. [6]8:25 പത്രൊസും ഫിലിപ്പൊസും യാത്ര ചെയ്ത സ്ഥലങ്ങൾ കാണിക്കുന്ന പടം നോക്കുക. [7]"ആ ഭാഗങ്ങൾ" എന്ന വാക്കുകൾ തർജ്ജിമക്കാരൻ നല്കിയതാകാം, എന്നാൽ "എല്ലാടവും" എന്നതുകൊണ്ട് മുൻ പറഞ്ഞതായ *എല്ലാ* സ്ഥലങ്ങളിലേക്കും പത്രൊസ് പോയിട്ടുണ്ട് എന്നാണർത്ഥം. [8]തന്റെ ആടുകളെ മേയ്ക്ക എന്ന ദൗത്യമായിരുന്നു യേശു പത്രൊസിന് നല്കിയത് (യോഹന്നാൻ 21:15-17). പത്രൊസ് പോയ സ്ഥലങ്ങളിലെല്ലാം ക്രിസ്ത്യാനികൾ ഉണ്ടാകാൻ ഒരു കാരണം ഇതാണ്, ഉദാഹരണമായി മറ്റു യാത്രകൾ നോക്കുക, 14:21-23; 15:36. [9]8:25-ൽ ശമര്യ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പത്രൊസ് നടത്തിയ മിഷണറി യാത്രയും 9:35, 42 എന്നീ വാക്യങ്ങളിലെ യാത്രയും ശ്രദ്ധിക്കുക. [10]പ്രവാസകാലത്തിന് മുമ്പും പിമ്പും ബെന്യാമിൻ ഗോത്രക്കാർ വസിച്ചിരുന്ന പട്ടണമായിരുന്ന ലുദ്ദ, പഴയ നിയമകാലത്ത്, "ലോദ്" എന്നറിയപ്പെട്ടിരുന്നു (1 ദിനവൃത്താന്തം 8:12; നെഹമ്യാവ് 11:35).

[11]ഗ്ലോസെറിയിൽ "വിശുദ്ധൻ" എന്ന വാക്ക് നോക്കുക. [12]അസ്തോസിനും കൈസര്യയ്ക്കും മദ്ധ്യേയാണ് യോപ്പയും ലുദ്ദയും. [13]"ഐനയാസ്" എന്നത് ഗ്രീക്ക് പേരാണ്. അവൻ ഒരു യവ്വനഭാഷക്കാരനായ യെഹൂദനായിരുന്നേക്കാം. അയാൾ ക്രിസ്ത്യാനിയായിരുന്നോ അല്ലയോ എന്ന് നമുക്കറിഞ്ഞുകൂടാ. [14]മൂലഭാഷയിൽ "അവന് എട്ട് വർഷത്തോളം പ്രായമായതു കൊണ്ട്" എന്നാൽ അതൊരു പക്ഷെ "എട്ട് വർഷത്തോളം" എന്നായിരിക്കാം അർത്ഥം. [15]"കിടക്ക" എന്ന വാക്ക് തർജ്ജിമക്കാരൻ നല്കിയതാകാം. എന്റെ ഇന്റർലീനിയർ വെർഷനിൽ "ഗേർഡ് യുവേർസെൽഫ്" എന്നാണ്. ചിലർ വിചാരിക്കുന്നത് "എഴുന്നേറ്റ്, *മേശ* ഒരുക്കുക" എന്നാണ് പത്രൊസ് അർത്ഥമാക്കിയത് എന്നാണ് (അതായത് എട്ടു വർഷം അവനു വേണ്ടി ചെയ്തത് അവൻ തന്നെ ചെയ്ക എന്നർത്ഥം) NASBയും KJVയും ഒരു പക്ഷെ ശരിയായിരിക്കും, എങ്കിലും, "കിടക്ക" എന്ന വാക്ക് ആണ് നല്കിയിരിക്കുന്നത്. [16]പത്രൊസ് അവനോട് കിടക്ക എടുത്ത് വീട്ടിൽ പോക എന്ന് പറയാനിരിക്കാനുള്ള കാരണം അന്തർലീനമായിരിക്കുന്നു. [17]കുറേ വർഷങ്ങൾക്കു മുമ്പ് ഞാൻ ജപ്പാനിൽ താമസിച്ചപ്പോൾ, ഒരോ പ്രഭാതത്തിലും "എഴുന്നേറ്റു കിടക്ക ചുരുട്ടും" - അതായത്., കിടക്ക ചുരുട്ടി മാറ്റി വയ്ക്കും. [18]NIV യിൽ "എഴുന്നേറ്റു നിന്റെ പായ് ഒരുക്കിക്കൊൾക" എന്നാണ്. [19]ശാരോൻ എന്ന ഗ്രാമം പേരിൽ അറിയപ്പെടാൻ സാദ്ധ്യത കുറവായിരുന്ന പ്രദേശമായിരുന്നു, എന്നാൽ ശാരോൻ താഴ്വര പ്രസിദ്ധമായിരുന്നു. സംഭവിച്ചത് *ആ പ്രദേശങ്ങളിൽ* എല്ലാം അറിഞ്ഞു എന്നാണ് ലൂക്കൊസ് ഊന്നിപ്പറഞ്ഞത്, അതു തബീഥ മരിച്ചപ്പോൾ സഹോദരന്മാരെ വിട്ടു പത്രൊസിനെ യോപ്പയിലേക്ക് വരുത്തുവാൻ കാരണമായി. [20]42-ാം വാക്യത്തിലെ "കർത്താവിൽ വിശ്വസിച്ചു" എന്ന വാക്കുകൾ 35-ാം വാക്യത്തിലെ "കർത്താവിങ്കലേക്കു തിരിഞ്ഞു" എന്ന വാക്കുകൾക്ക് തുല്യമാണ്.

[21]പിന്നീട് കൊരിന്ത്യൻ സംഭവിച്ച "കെഫാവിന്റെ കൾട്ട്" തുടങ്ങാതിരിക്കാൻ - അവൻ അവരെ മാറ്റി നിർത്തി (1 കൊരിന്ത്യർ 1:12). [22]പത്രൊസും ഫിലിപ്പൊസും യാത്ര ചെയ്ത സ്ഥലങ്ങളെ കാണിക്കുന്ന പടം നോക്കുക. ദാൻ ഗോത്രത്തിന്റെ പട്ടണമായിരുന്നു ഒരിക്കൽ യോപ്പ (യോശുവ 19:46). ഇന്നു യോപ്പ യാഫാ എന്നു അറിയപ്പെടുന്ന ടെൽ അവീവിന്റെ പട്ടണ പ്രാന്ത പ്രദേശമാണ്. [23]പെന്തെകൊസ്തിനു ശേഷം പ്രവൃത്തികളുടെ പുസ്തകത്തിൽ രണ്ടാമതു പറയുന്ന സ്ത്രീയാണ് തബീഥ. ആദ്യത്തേത് സഫീര (5:1). എന്തു വ്യത്യാസമാണ് ഇവർ തമ്മിൽ! [24]ചിലർ വിചാരിക്കുന്നത്, "തബീഥാ" യും "ഡോർക്കസ്" എന്നതും "*ലിറ്റിൽ* ഗാസെല്ലെ" അല്ലെങ്കിൽ "ഫാൺ" എന്നത്രേ. [25]എഫ്.എഫ് ബ്രൂസ്, *ദി ബുക്ക് ഓഫ് ദി ആക്ട്സ്*, റെവ. ed (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു.എം.ബി എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി, 1988), 198. [26]ചിലർ ഊഹിക്കുന്നത്, അവൾ മറ്റുള്ളവർക്ക് വേണ്ടി കൂടുതൽ അദ്ധ്വാനിച്ചതുകൊണ്ടാണ് രോഗിയായി മരിച്ചത് എന്നാണ്. പക്ഷെ വേദഭാഗത്തിൽ അതൊന്നുമില്ല. [27]അസാധാരണ മരണങ്ങളുടെ രണ്ടു വിവരങ്ങൾ നമുക്ക് മുമ്പു കിട്ടിയിരുന്നു: അനന്യാസും സഫീരയും ദൈവത്താൽ വീണ് പ്രാണനെ വിട്ടു, യെഹൂദ ജനക്കൂട്ടത്താൽ സ്തെഫാനോസ് കൊല്ലപ്പെട്ടു. [28]അതേ

പരിശീലനം യെഹൂദ നിയമപ്രകാരം ആയിരുന്നു. 5:6, 10 നോക്കുക. ചിലർ വിചാരിക്കുന്നത്, രാജ്യത്ത് നാട്ടിൻപുറങ്ങളിൽ അടക്കം മൂന്നു ദിവസം വരെ നീണ്ടു പോകാം എന്നാണ്. [29]ഒരുക്കത്തിൽ മൃതശരീരം കുളിപ്പിക്കുന്നതും സുഗന്ധവർഗ്ഗം പൂശുന്നതും ഉൾപ്പെടുന്നു. തബീഥയെ കുളിപ്പിച്ചു കിടത്തി എന്നു മാത്രം പറഞ്ഞതുകൊണ്ട്, ചിലർ വിചാരിക്കുന്നത് പത്രൊസ് വന്ന് അവളെ ഉയർപ്പിക്കും എന്നാണ്. എങ്കിലും, "കുളിപ്പിച്ചു" എന്ന വാക്കിൽ ഒരുക്കത്തിന് വേണ്ടത് ചെയ്തു എന്നു സാരം. [30]മരിച്ച ആളുടെ വീട്ടിന് പുറത്ത് "മൃതശരീരത്തെ കിടത്തുന്ന" ഒരു പരിശീലനമാണ് അമേരിക്കയിലുള്ളത്. ഈ ആചാരം ഇന്നും അനേകം രാജ്യങ്ങളിൽ ഉണ്ട്.

[31]അവർ അവനെ പെട്ടെന്ന് വരുത്തുവാൻ കാരണം ദുഃഖവും വേദനയും തീവ്രമായിരുന്നു, "താമസിക്കാതെ" എന്ന പദം യോജിക്കുന്നതാണ്. കാരണം തബീഥയെ അടക്കുന്നതിനു മുമ്പ് പത്രൊസ് വരേണ്ടിയിരുന്നു. [32]യേശു പലരേയും മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചിട്ടുണ്ട്, എന്നാൽ അപ്പൊസ്തലന്മാർ ഇതുവരെ അങ്ങനെ ചെയ്തിട്ടുമില്ല. ഈ സംഭവത്തിന് ശേഷം, മറ്റ് അപ്പൊസ്തലനും മരിച്ച ഒരാളെ ഉയിർപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു - പ്രവൃത്തി 20:9-12. [33]ചിലർ അവകാശപ്പെടുന്നത് പുതിയ നിയമകാലയളവിൽ എല്ലാ ക്രിസ്ത്യാനികൾക്കും അത്ഭുതശക്തി ഉണ്ടായിരുന്നു എന്നാണ്. എതിരായ ധാരാളം തെളിവുകൾ ഇതു വരെ നാം കണ്ടു, ഈ വേദഭാഗം സാധാരണക്കാർക്കല്ല അപ്പൊസ്തലന്മാരിലായിരുന്നു അത്ഭുതശക്തി ഉണ്ടായിരുന്നതെന്ന് ഉറപ്പിക്കുന്നു. മറ്റുള്ളവർക്ക് ശക്തിയുണ്ടായിരുന്നുവെങ്കിൽ പത്രൊസ് വരുന്നതിനു മുമ്പ് തന്നെ അവർ ഐനെയാസിനെ സുഖപ്പെടുത്തുമായിരുന്നു. എങ്കിൽ യോപ്പയിലെ സഹോദരന്മാർ പത്രൊസിനെ ആളയച്ചു വരുത്തേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. [34]അവിടെ വിധവമാർ ഉണ്ടായിരുന്നതുകൊണ്ട്, തബീഥയും വിധവയായിരുന്നു എന്ന് ചില എഴുത്തുകാർ കരുതുന്നു. ഒരുപക്ഷെ ആയിരിക്കാം; അല്ലെങ്കിൽ അല്ലായിരിക്കാം. വർഷങ്ങളോളം എന്റെ മാതാപിതാക്കൾ അവരുടെ പങ്കാളികൾ ജീവിച്ചിരുന്നപ്പോൾ വിധവമാരെ സഹായിച്ചിട്ടുണ്ട്, വിധവമാർ അവിടെ ഉണ്ടായിരുന്നത്, അവരും തബീഥയോടൊപ്പം തുന്നി പാവങ്ങൾക്ക് കൊടുത്തിട്ടുണ്ട് എന്ന് ചിലർ കരുതുന്നു. തബീഥയുടെ ഗുണഭോക്താക്കൾ ആകാനാണ് കൂടുതൽ സാദ്ധ്യത. [35]ഇതൊരു ചലിപ്പിക്കുന്ന രംഗമാണ്. ഞാൻ വിചാരിക്കുന്നത് പത്രൊസും, യേശുവിനെപ്പോലെ, കണ്ണുനീർ വാർത്തിരിക്കും എന്നാണ് (യോഹന്നാൻ 11:35). [36]"ട്യൂണിക് ആന്റ് ഗാർമെന്റ്സ്" എന്ന ഗ്രീക്ക് തർജ്ജിമ സൂചിപ്പിക്കുന്നത് *അകത്തും പുറത്തും* ധരിക്കുന്ന വസ്ത്രങ്ങളെയാണ്. [37]വിധവമാർക്ക് മാത്രമാണ് തബീഥ തുന്നിയതെന്നു വേദഭാഗം വ്യക്തമാക്കുന്നില്ല. എങ്കിലും, വിധവമാർ, അവരുടെ നിരാശ്രയത്വം നിമിത്തം, അവൾ ചെയ്തതിൽ ഏറ്റവും അഭിനന്ദനാർഹം തന്നെ. [38]"സന്ദർശിക്കുക" എന്നതു കൊണ്ട് വെറുതെ "കാണുക" എന്ന അർത്ഥമല്ല, എന്നാൽ മറിച്ച് "ആവശ്യങ്ങൾ കണ്ടറിയുകയും വേണ്ടതു *ചെയ്യുകയും* വേണം." [39]ഗ്രെയിറ്റ് ബ്രിട്ടനിലും, അമേരിക്കയിലും, മറ്റു സ്ഥലങ്ങളിലും, പണ്ട്, "ഡോർക്കാസ് സൊസൈറ്റീസ്" എന്ന സ്ഥാപനങ്ങൾ വസ്ത്രം തുന്നി പാവപ്പെട്ടവർക്ക് കൊടുക്കുമായിരുന്നു. അത്തരം "സ്വസൈറ്റികൾ" ഈ സൽപ്രവൃത്തി ചെയ്യണമെന്നില്ല, പക്ഷെ സ്ത്രീകൾ പലപ്പോഴും കൂടി വന്ന് ഇതു പോലെയുള്ള പ്രവൃത്തി ചെയ്തിരുന്നു. [40]ആന്റണി ലീ ആഷ്. *ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്*, പാർട്ട് 1 (Austin, Texas: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി, 1979), 148.

[41]പത്രൊസ് ഐനെയാസിനെ സൗഖ്യമാക്കിയപ്പോൾ, *യേശുക്രിസ്തുവാണ്* അവനെ സൗഖ്യമാക്കിയത് എന്ന് ഊന്നൽ കൊടുത്തു (9:34). മരിച്ചവരെ ഉയിർപ്പിക്കുവാൻ പത്രൊസ് യേശുവിനെയാണ് പകർത്തിയത് തബീഥയെ ഉയിർപ്പിച്ചത് കർത്താവാണെന്ന ചിന്ത വരുത്താനായിരിക്കാം: പത്രൊസല്ല, യേശുവാണ് തബീഥയെ ഉയിർപ്പിച്ചത്! [42]ഏലിയാവും ഏലിശയും മരിച്ചവരെ ഉയിർപ്പിച്ചതുമായി സമാനത കാണുന്നുണ്ട് (1 രാജാക്കന്മാർ 17:17-22; 2 രാജാക്കന്മാർ 4:32-35.) [43]മർക്കൊസ് 5:40; ലൂക്കൊസ് 8:51. യേശു എല്ലാവരേയും പുറത്താക്കിയതും പത്രൊസ് എല്ലാവരേയും പുറത്താക്കിയതും വ്യത്യസ്ത ഉദ്ദേശങ്ങൾക്കായിരിക്കാം. യേശു തന്റെ അത്ഭുതങ്ങൾ പരസ്യപ്പെടുത്തുവാൻ ആഗ്രഹി

ച്ചില്ല (മർക്കൊസ് 5:43; ലൂക്കൊസ് 8:56). മറിച്ച്, ആളുകൾ അറിയുന്നതിൽ പത്രൊസിനു
കുഴപ്പം ഒന്നുമില്ലായിരുന്നു (9:42). [44]"തബീഥാ" എന്ന വാക്കിനു "ലിറ്റിൽ ഗാസെല്ലെ"
എന്നാണ് അർത്ഥമെങ്കിൽ ചിലർ വിചാരിക്കുന്നതു പോലെ, സാദൃശ്യം ഇനിയും ശക്ത
മായിരിക്കും: യേശു പറഞ്ഞു, "*ബാലേ,* എഴുന്നേൽക്ക," പത്രൊസ് പറഞ്ഞതു, "ലിറ്റിൽ
*ഗാസെല്ലെ,* എഴുന്നേല്ക്ക" എന്നാണ്. [45]മറ്റു പുതിയ നിയമ അത്ഭുതങ്ങളെപ്പോലെ, ഇതും
ഉടനെ സംഭവിച്ചു, പൂർണ്ണമായിരുന്നു, ബോധ്യപ്പെടുന്നതുമായിരുന്നു. [46]"വിശുദ്ധന്മാരും
വിധവമാരും" എന്നതിൽ വിധവമാരിൽ ആരും വിശുദ്ധന്മാരായി (ക്രിസ്ത്യാനികൾ) ഉണ്ടാ
യിരുന്നില്ല എന്നർത്ഥമാക്കരുത്. ഇതു സൂചിപ്പിക്കുന്നത്, എങ്ങനെയായാലും, ക്രിസ്ത്യാ
നികളല്ലാത്ത ചിലർ ഉണ്ടായിരുന്നു എന്നതാണ്. ചുരുങ്ങിയത് ഒരാളെങ്കിലും അല്ലായി
രുന്നു എന്ന സൂചന. തബീഥ ക്രിസ്ത്യാനികളേയും, അല്ലാത്തവരേയും സഹായിച്ചി
രുന്നു (ഗലാത്യർ 6:10). ചിലർ ക്രിസ്ത്യാനികൾ അല്ലെങ്കിൽ, 42-ാം വാക്യത്തിൽ പറഞ്ഞ
വരായിരിക്കാം, മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചത് കണ്ട് "ദൈവത്തിൽ വിശ്വസിച്ചവരും"
ആകാം. [47]ജെ.ഡബ്ല്യു.മെക്ക്ഗാർവേ, *ന്യൂകമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊ
സ്തൽസ്,* വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി,
എൻ.ഡി), 196-97. [48]ജിമ്മി അലൻ, *സർവ്വേ ഓഫ് ആക്ട്സ്,* വാല്യം 1 (സിയേഴ്സി,
ആർക്ക്.: ബൈ ദി ആദർ, 1986), 113. [49]ഈ വെല്ലുവിളിയിൽ ഉള്ള ഒരു വ്യത്യാസം "ഈ
കച്ചവടം കൈകാര്യം ചെയ്യുന്നവരുടെ അടുക്കലേക്ക് എന്നോടു കൂടെ വരിക." മറ്റൊരു
വ്യത്യാസം ഊന്നി പറയുന്നത് "ഇതു സംഭവിച്ചാൽ, *പിന്നെ* അപ്പൊസ്തലന്മാരുടെ ശക്തി
ഉണ്ടെന്നവകാശപ്പെടുന്നവർ. പറയുന്നതു സംഭവിച്ചാൽ ഞാൻ വിശ്വസിക്കാം!"
[50]"പ്രവൃത്തി, 2-ാം" ലക്കത്തിലെ 3:5 ലെ വാക്യങ്ങൾ ശ്രദ്ധിക്കുക.

[51]"കർത്താവിങ്കലേക്കു തിരിഞ്ഞു" (വാക്യം 35) (42-ാം വാക്യത്തിൽ) "കർത്താ
വിൽ വിശ്വസിച്ചു" എന്നു പറയുന്നതും ഒരേ അർത്ഥമാണ്. പരിവർത്തനത്തിന്റെ ചുരുക്കം
കർത്താവിലേക്കു തിരിയുകയും അനുസരിക്കയും വേണം (വാക്യം 42) അതു വഴി
ഒരാൾ കർത്താവിൽ വിശ്വസിച്ചു എന്നത് ക്രിസ്തുവിൽ മാനസാന്തരപ്പെടുകയും സ്നാന
പ്പെടുകയും ചെയ്താൽ അത് യാഥാർത്ഥ്യമാകും (2:37, 38). [52]വാരൻ ഡബ്ല്യു.
വിയേഴ്സ്ബേ, *ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൺ, Ill.:
വിക്ടർ ബുക്ക്സ്, 1989), 443. [53]അവൻ കടൽക്കരയിൽ താമസിക്കാൻ കാരണം, തോൽ
പാകപ്പെടുത്താൻ കടൽക്കര സഹായകരമായതിനാലാകാം. ദുർഗന്ധം കടൽക്കാറ്റടിച്ച്
മാറ്റും എന്നതും മറ്റൊരു കാരണമാണ്. [54]ഒരു തോൽകൊല്ലന്റെ വീട് ചുരുങ്ങിയത്
ടൗണിൽ നിന്ന് 50 മുഴം അകലെ ആയിരിക്കണം എന്ന് പറയപ്പെട്ടിട്ടുണ്ട്. [55]ക്രിസ്ത്യാനി
യല്ലാത്ത ആളോടുകൂടെ താമസിക്കുന്നതിനേക്കാൾ ക്രിസ്ത്യാനിയായ ഒരാളോടു കൂടെ
താമസിക്കാനാണ് പത്രൊസിന് ഇഷ്ടം. [56]തോൽ കഴുകുന്നതിന് ഉപയോഗിച്ചിരുന്ന
ആസിഡ് നിരന്തരമായി ഉപയോഗിക്കുന്നതിന്റെ ഫലമായി ആ ജോലി ചെയ്യുന്നവരുടെ
തൊലിയെ അതു ബാധിച്ചിരുന്നു. [57]റോമർ 12:13; 1 തിമൊഥെയോസ് 3:2; 5:10; എബ്രായർ
13:2; 1 പത്രൊസ് 4:9 നോക്കുക. [58]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുന്നുവെങ്കിൽ,
"ആശ്രയിച്ചു അനുസരിക്കൽ" എന്ന വാക്കുകൾ വ്യക്തിപരമായി കർത്താവിനെ അനു
സരിക്കുവാൻ ഉപയോഗിക്കാവുന്നതാണ്.